# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1699** **10-02-2020-ൽ**

മറുപടി നൽകേണ്ടത്

## ക്യാമ്പസ്സ് കൗൺസിൽ രൂപീകരണം

ചോദ്യം ഉത്തരം

**ശ്രീ. എ. പി. അനിൽ കുമാർ** : **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജ് ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികളുടെ പരാതി കേൾക്കുന്നതിനും തീർപ്പ് കല്പിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണ്; അറിയിക്കുമോ; | (എ) | വിദ്യാർത്ഥികളുടെ പരീക്ഷാ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ, വകുപ്പ് മേധാവിയുടെ നേതൃത്വത്തിലും, കോളേജ് തലത്തിൽ, പ്രിൻസിപ്പലിന്റെ നേതൃത്വത്തിലും ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റികൾ നിലവിലുണ്ട്. കൂടാതെ, വിദ്യാർത്ഥികളുടെ പൊതുവായ പരാതികൾ സംബന്ധിച്ച് തീർപ്പ് കല്പിക്കുന്നതിന് കോളേജ് കൗൺസിലുകളും സ്റ്റുഡൻസ് ഗ്രീവൻസ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക കാര്യങ്ങളിൽ പരാതികൾ കേൾക്കുന്നതിനായി കോളേജ് ലെവൽ മോണിട്ടറിംഗ് കമ്മിറ്റിയും, പെൺകുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കേൾക്കുന്നതിനായി വുമൺസ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ, വിദ്യാർത്ഥികളുടെ അപ്പീൽ പരാതികൾ പരിഹരിക്കുന്നതിനായി സർവകലാശാലാതലത്തിൽ പരാതി പരിഹാര സെല്ലുകളുമുണ്ട്. |

| | | | |
|---|---|---|---|
| | | | റാഗിങ്ങ് സംബന്ധമായ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ആന്റി റാഗിങ്ങ് കമ്മിറ്റികളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർഥികളെ വിലയിരുത്തുവാൻ അദ്ധ്യാപകർക്ക് അവസരം നൽകുന്നത് പോലെ അദ്ധ്യാപകരെ വിലയിരുത്തുവാൻ വിദ്യാർത്ഥികൾക്കും അവസരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സർവ്വകലാശാലതലത്തിൽ NBA/ AICTE നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സർവ്വകലാശാലകൾ എല്ലാ സെമസ്റ്ററുകളിലും വിദ്യാർത്ഥികളിൽ നിന്നും Feed Back സ്വീകരിക്കാറുണ്ട്. കൂടാതെ, വിദ്യാർത്ഥികളെ വിലയിരുത്തുവാൻ അധ്യാപകർക്ക് അവസരം നൽകുന്നതു പോലെ അധ്യാപകരെയും, അവരുടെ പ്രവർത്തന മികവും വിലയിരുത്തുവാൻ വിദ്യാർത്ഥികൾക്കും അവസരം നൽകാറുണ്ട്. പോളിടെക്നിക്ക് കോളേജുകളിൽ വിദ്യാർത്ഥികളിൽ നിന്നും ഡിപ്പാർട്ട്മെന്റ് ഹെഡ് മുഖേന പഠിപ്പിക്കുന്ന അധ്യാപകരുടെ Feed Back എടുക്കാറുണ്ട്. ഇതുകൂടാതെ, NAAC Accreditation-ന്റെ ഭാഗമായും അധ്യാപകരെ വിലയിരുത്തുവാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. |
| (സി) | അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പി.റ്റി.എ. പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ക്യാമ്പസ്സ് കൗൺസിൽ രൂപീകരിച്ച് അവരുടെ അംഗീകാരത്തോട് കൂടി മാത്രം ക്യാമ്പസ്സുകളിൽ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | ക്യാമ്പസ്സുകളിൽ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്നത് സർക്കാർ/ സർവകലാശാല നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ്. ഇത്തരം നിയമങ്ങളും ചട്ടങ്ങളും യു.ജി.സി. യുടെയും മറ്റ് ദേശീയ റഗുലേറ്ററി സമിതികളുടേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കോളേജുകളിൽ നടപ്പിലാക്കി വരുന്നത്. |
| (ഡി) | വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാർട്ട് ടൈം ജോലി ചെയ്യുന്നതിന് അവസരം ഒരുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവരുടെ അഭിരുചിക്കനുസരിച്ച് വിവിധ മേഖലകളിൽ പാർട്ട് ടൈം ജോലികൾ ചെയ്യുന്നതിനുള്ള അവസരമുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനവും നേടുന്നതിന് പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (PAT) സെന്ററുകൾ കോഴിക്കോട് സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. തിരുരങ്ങാടി സർക്കാർ പോളിടെക്നിക്ക് കോളേജ്, തൃശ്ശൂർ എം.റ്റി.ഐ എന്നിവിടങ്ങളിൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (PAT) സെന്ററുകൾ സ്ഥാപിക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഉൽപാദന പ്രക്രിയയോടൊപ്പം ഇതിൽ ഭാഗമാകുന്ന വിദ്യാർത്ഥികൾക്ക് ഒരു ചെറിയ വരുമാനം ലഭിക്കുന്ന രീതിയിലാണ് PAT സെന്ററുകൾ പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**